മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*601)

**സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ**

1 (*601) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് സേവന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണമായ ഫലസാദ്ധ്യത ഉറപ്പാക്കാൻ ഇനിയും എന്തെല്ലാം നടപടികളാണ് ശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സേവനങ്ങൾ മുഴുവൻ ഓൺലൈനാക്കുമ്പോഴും പഴയ സംവിധാനം ആഗ്രഹിക്കുന്നവർക്ക് അത് ലഭ്യമാക്കാൻ വേണ്ട സൗകര്യങ്ങൾ നിലനിർത്തുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) വിവിധ വകുപ്പുകളുടെ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഏകീകൃത മൊബൈൽ ആപ്ലിക്കേഷനാണ് എം-കേരളം. എം-കേരളം മൊബൈൽ ആപ്പ് വഴി പതിമൂന്നോളം വകുപ്പുകളുടെ അൻപതോളം സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വിവിധ സേവനങ്ങളുടെ പേയ്മെന്റ് ഇന്റഗ്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇ-ഡിസ്ട്രിക്ട് മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ കൂടി എം-കേരളം മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ സംവിധാനം ജൂൺ മാസത്തോടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) പൊതുജനങ്ങൾക്ക് ആവശ്യമായ ഇലക്ട്രോണിക് സേവന സൗകര്യങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രമുഖ പൗര കേന്ദ്രീകൃത വകുപ്പുകളായ റവന്യൂ, മോട്ടോർ വാഹനം, സാമൂഹ്യനീതി, സഹകരണം, വാണിജ്യനികുതി, രജിസ്ട്രേഷൻ, മൃഗസംരക്ഷണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ വിവിധ ഓൺലൈൻ സേവനങ്ങൾ ഫലവത്തായി

നൽകി വരുന്നുണ്ട്. ഇതിനുപുറമെ മറ്റ് വകുപ്പുകളിലും വിവിധ തലങ്ങളിൽ ഓൺലൈൻ സേവനങ്ങൾ നൽകിവരുന്നുണ്ട്.

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു ഏകജാലക പോർട്ടൽ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സംവിധാനവും ജൂൺ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) സംവിധാനം നടപ്പിൽ വരുമ്പോൾ കേരളത്തിലുടനീളമുള്ള സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെയുള്ള കണക്റ്റിവിറ്റി ലഭ്യമാക്കുന്നതോടെ ഇത് കൂടുതൽ കാര്യക്ഷമമമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(സി) ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം.

ഓൺലൈൻ സേവനങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തുവാൻ ബുദ്ധിമുട്ടുള്ളവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ലോകത്തെ മുഴുവൻ വിവരങ്ങളും വിരൽത്തുമ്പിൽ

എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ സേവന പ്രവർത്തനങ്ങളും മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുക എന്ന പ്രവർത്തനത്തിന് തുടക്കംക്കുറിച്ചുവെന്ന് അങ്ങിവിടെ പറഞ്ഞു. നിയമസഭയിൽത്തന്നെ ഇപ്പോൾ അതിനുള്ള സംവിധാനമൊരുക്കിയത് വളരെ സൗകര്യപ്രദമാണ്. പക്ഷെ ആൻഡ്രോയിഡ് മാത്രമായിട്ടുള്ള ആപ്പിൾ ഫോണുകളിൽ ഈ സൗകര്യം ലഭ്യമല്ല. അത് ഉടൻതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അപ്പോൾ സ്വാഭാവികമായും നമ്മുടെ പോലീസ് വകുപ്പുൾപ്പെടെ, ജനങ്ങൾക്ക് പെട്ടെന്ന് പരാതി നൽകാനും അതിന്റെ അവസ്ഥാവിശേഷങ്ങളറിയാനും ഈ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കുകവഴി സാധിക്കും. നമ്മുടെ കേരളത്തിലെ എല്ലാ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പിലും പ്രയോറിറ്റി നിശ്ചയിച്ച് ജൂണോടുകൂടി ഈ സംവിധാനം നടപ്പാക്കുമെന്ന് പറഞ്ഞാൽ പോലീസ്, പഞ്ചായത്ത് തുടങ്ങി ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന വകുപ്പുകളിൽ ഈ സൗകര്യം പെട്ടെന്ന് ലഭ്യമാക്കുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാവുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പടിപടിയായി എല്ലാ മേഖലയിലും എല്ലാ വകുപ്പുകളിലും ഇത് പ്രാവർത്തികമാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, നമ്മുടെ ഈ ആപ്ലിക്കേഷൻ ഉപയോഗിക്കുമ്പോൾ

ഓൺലൈനാണെങ്കിൽ യൂസർ ഫ്രണ്ട്‌ലി ആക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ഉപയോഗങ്ങൾ വർദ്ധിക്കുമ്പോൾ ജനങ്ങൾക്ക് ഈസിയായി കാര്യങ്ങൾ ചെയ്യുന്നതിന് ഈ ആപ്ലിക്കേഷൻ യൂസർ ഫ്രണ്ട്‌ലിയായി ഉപയോഗിക്കുന്നതിനും അത് പൂർണ്ണമായി ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ കാര്യം പ്രത്യേകമായിത്തന്നെ ശ്രദ്ധിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ യൂസർഫ്രണ്ട്‌ലി ആകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 'വാനാക്രൈ' വൈറസ് ഇന്ന് ലോകത്ത് വ്യാപകമായി നടക്കുകയാണ് . നമ്മുടെ സൈബർ ക്രൈം വളരെ ലോലമായ ഒരു സ്ഥിതിവിശേഷത്തിലാണുള്ളത്. സേവനദാതാക്കൾക്ക് ഈ ആപ്ലിക്കേഷൻ നൽകുമ്പോൾ അത്തരം അപകടകരമായ പ്രവണതകൾ തടയാനാവശ്യമായ നടപടി സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ ലോകത്ത് വളർച്ച ഉണ്ടാകുമ്പോൾ ക്രൈമിന്റെ രംഗത്തും വളർച്ചയുണ്ടാകുന്നുണ്ട്. ക്രൈം തടയുന്നതിനാവശ്യമായ ഫലപ്രദമായ സംവിധാനങ്ങളൊരുക്കുന്നതിന് തന്നെയാണ് സർക്കാർ

ശ്രദ്ധിച്ചുവരുന്നത്. കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് നീങ്ങുക തന്നെ ചെയ്യും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി ലഭ്യമാക്കുക എന്നാണ് സർക്കാർ നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനും കേന്ദ്രസർക്കാർ ഇപ്പോൾ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. അതേ മാതൃകയിൽ കേരളത്തിൽ ഒരു വെബ്സൈറ്റ് ഉണ്ടാവുകയാണെങ്കിൽ വിവിധ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും മറുപടി ലഭ്യമാക്കുന്നതിനും സാധ്യമാകും. ഇതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പരിശോധിക്കാം.

ശ്രീ. കെ. എം. ഷാജി: സർ, സേവനം ജനങ്ങളിൽ വളരെ വേഗത്തിലെത്തിക്കുന്നതിനുള്ള ഒരു പ്രയാസം ഉദ്യോഗസ്ഥരുടെ സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവാണ്. ഇപ്പോൾ ഒരു അസിസ്റ്റന്റോ എൽ.ഡി. ക്ലർക്കോ ആകണമെങ്കിൽ എസ്.എസ്.എൽ.സി. അല്ലെങ്കിൽ ഡിഗ്രി സർട്ടിഫിക്കറ്റ് മാത്രം

മതിയാകും. അത്തരം ഒരു യോഗ്യതയുടെ കൂടെ മിനിമം വേർഡ്പ്രോസസിംഗ് എങ്കിലും വേണമെന്ന് നിശ്ചയിച്ച്, ഇനി ഈ തസ്തികകളിലേയ്ക്ക് വരുന്നവരുടെ യോഗ്യതാ മാനദണ്ഡത്തെ പുനഃപരിശോധിക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടില്ല. പക്ഷെ, ഇത് കൈകാര്യം ചെയ്യാനാവശ്യമായ പരിജ്ഞാനം ഉണ്ടാക്കുന്നതിനുള്ള ഇൻ-സർവ്വീസ് കോഴ്സുകളും മറ്റും നൽകാവുന്നതാണ്. അങ്ങനെ കഴിവുകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പം ഭാവിയിൽ എന്ത് വേണമെന്ന് ആലോചിക്കുകയും ചെയ്യാം.

ശ്രീ. മുരളി പെരുനെല്ലി: സർ, വിവരങ്ങൾ കൈമാറ്റം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ സ്വകാര്യ ഏജൻസികൾ കൈകാര്യം ചെയ്യുന്ന കേബിൾ ശൃംഖലപോലെ ഐ.ടി. രംഗത്ത് സർക്കാർ നേരിട്ട് ഇടപെട്ടുകൊണ്ട് ഒരു കേബിൾ ശൃംഖല രൂപീകരിക്കാനുള്ള നടപടി എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ രംഗത്ത് സർക്കാർതന്നെ ആവശ്യമായ കേബിൾ ഒരുക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി നമ്മുടെ ഇലക്ട്രിക്പോളുകൾ ഉപയോഗിച്ചുകൊണ്ട് എല്ലായിടങ്ങളിലും ഇത് വ്യാപിപ്പിക്കുവാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ എല്ലാ ഗ്രാമങ്ങളിലും

നമുക്ക് ഈ സംവിധാനം ഒരുക്കാൻ കഴിയുമെന്നുതന്നെയാണ് കാണുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പൊതുജനങ്ങളുടെ അപേക്ഷകൾ പ്രാഥമികമായി തപാൽ സെക്ഷനുകളിൽ രേഖപ്പെടുത്തുമ്പോൾത്തന്നെ ഫയൽ പരിഗണിക്കുന്ന സെക്ഷൻ ഏതെന്നവിവരം മൊബൈൽ മെസ്സേജ് വഴി ലഭിക്കുകയാണെങ്കിൽ പൊതുജനങ്ങൾക്ക് വളരെ ആശ്വാസകരമാകും. ഈ സേവനം കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അങ്ങനെയാണെങ്കിൽ ഫയൽ എവിടെയാണെന്നും മറ്റുള്ള കാര്യങ്ങളും അതിന്റെ തുടക്കത്തിൽത്തന്നെ നമുക്കറിയാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യങ്ങളിൽ ആളുകൾക്ക് ഏറ്റവും കൂടുതൽ സഹായകരമാവുക എന്നതുതന്നെയാണ് ഈ സംവിധാനം നടപ്പാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് നടപ്പാകുന്നതോടെ ജനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്ന നിലപാടുകൾ നമുക്ക് സ്വീകരിക്കാനാകും. ഇതാദ്യം നടപ്പാക്കിയതിനുശേഷം മറ്റ് മാർഗ്ഗങ്ങൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ

നമ്മുടെ യാത്രാവിവരം സംബന്ധിച്ച് അറിയണമെങ്കിൽ അവിടെയുള്ള ഒരു മെഷീനിൽ ടച്ച് ചെയ്താൽ മതിയാകും. അതുപോലെ ആദ്യഘട്ടം എന്ന നിലയ്ക്ക് ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും നമ്മൾ കൊടുത്തിട്ടുള്ള ഫയലുകളെ സംബന്ധിച്ചും നമുക്ക് കിട്ടേണ്ട സേവനങ്ങളെ സംബന്ധിച്ചും അവ എവിടെവരെ എത്തി എന്നും അറിയാൻ കഴിയുന്ന ഒരു പ്രത്യേക യന്ത്രസംവിധാനം, ഈ റെയിൽവേ സ്റ്റേഷനിലേതുപോലെ സ്ഥാപിക്കുന്നതിന് തുടക്കം കുറിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊന്നും ഇപ്പോൾ ഒരു പുതുമയുള്ള കാര്യമല്ല. നമ്മുടെ പഞ്ചായത്തുകൾത്തന്നെ, വിവിധ പഞ്ചായത്താഫീസുകൾ ഇത്തരത്തിലുള്ള ചില സൗകര്യങ്ങൾ ഇതിനകംതന്നെ ഒരുക്കികഴിഞ്ഞിട്ടുണ്ട്. അപ്പോൾ നമ്മൾ ഈ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അതിന്റെ ഭാഗമായി ഇത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. അനിൽ അക്കര:</u> സർ, നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ആളുകളുടെ വലിയ നീണ്ട നിരയാണ് പട്ടണത്തിലൊക്കെയുള്ളത്. വടക്കാഞ്ചേരിയിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഒന്നാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. അവിടെ നിന്ന് വരി നിന്നാൽ

പട്ടണം തന്നെ ബ്ലോക്കാവുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്ട്രേഷൻ പുതുക്കുന്നത് മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയാൽ ആളുകൾക്ക് വീട്ടിലിരുന്നുതന്നെ ചെയ്യാൻ സാധിക്കും. ഇപ്പോൾ യുവാക്കളെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരവുമാണ്. ആ രീതിയിൽ അത് ചെയ്യാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരത്തിലുള്ള വിവിധ മേഖലകളിൽ നമുക്ക് ഈ സംവിധാനം ഒരുക്കാൻ കഴിയും. അത് എല്ലാതരത്തിലുമുള്ള ഉപയോക്താക്കൾക്കും ഗുണകരമായി വരുകയും ചെയ്യും. എല്ലാ മേഖലയിലും നമുക്കിത് വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇപ്പോൾ പൊതുവെ രാജ്യം ടെക്നോളജി ഫ്രണ്ട്ലിയായി മാറുകയാണ്. ഇപ്പോൾ ഗവൺമെന്റിലേയ്ക്ക് ഒരുപാട് കാര്യങ്ങൾ, ഫയലുകളും മറ്റും വിവിധ മന്ത്രിമാർക്ക് കൊടുക്കുന്നുണ്ട്. മന്ത്രിമാർക്ക് നൽകുന്ന നിവേദനങ്ങൾ എം.എൽ.എ.-മാരുടെ പേരിലാകുമ്പോൾ ചില വകുപ്പുകളിൽനിന്ന് മെസ്സേജായി ഞങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നുണ്ട്. അതുപോലെ എല്ലാ വകുപ്പുകളിലും മെസ്സേജ് സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭരണരംഗത്തും ഇത്തരത്തിലുള്ള

നടപടികളിലേയ്ക്കുതന്നെയാണ് നീങ്ങികൊണ്ടിരിക്കുന്നത്. ചില കാര്യങ്ങളിൽ ഇപ്പോൾ തന്നെ നടപ്പായിട്ടുണ്ട്. അതിവേഗതയിൽ തന്നെ മറ്റ് രംഗങ്ങളിലും ഇത് വ്യാപിപ്പിക്കാൻ കഴിയും.

## അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി

2 (*602) ശ്രീ.യു. ആർ പ്രദീപ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ മേഖലയിലെ ശിശുക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതിയുടെ ഫലപ്രാപ്തി തിട്ടപ്പെടുത്താനും മോണിട്ടർ ചെയ്യാനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ഈ മേഖലയിലെ കുട്ടികളിൽ 4 ശതമാനംപേർ ഗുരുതര പോഷണക്കുറവുള്ള (Severe Acute Malnutrition- SAM) കുട്ടികളാണ്. ഈ വിഭാഗത്തിലുള്ള കുട്ടികളുടെ പരിചരണത്തിനായി നിലവിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ (NRC) അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജാതക് സോഫ്റ്റ്‌വെയറിലൂടെ കുട്ടികളുടെ പോഷണനിലവാരം മനസ്സിലാക്കി വേണ്ട സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ് ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥരെ അലർട്ട് ചെയ്യുന്ന Child Tracking System പ്രവർത്തിച്ചുവരുന്നു.

(ബി) കുട്ടികളിലെ ന്യൂനപോഷണം പരിഹരിക്കുകയും അതുവഴി

ശിശുമരണങ്ങൾ ഇല്ലാതാക്കുകയും ചെയ്യുക.

(സി) അട്ടപ്പാടിയിലും പരിസരപ്രദേശത്തും കുട്ടികൾ അനുഭവിച്ചുവരുന്ന ന്യൂനപോഷണ പ്രശ്നം പരിഹരിക്കുന്നതിനായി റീഹാബിലിറ്റേഷൻ സെന്റർ വഴി Based Management of Acute Malnourishment ആരംഭിച്ചു.

പ്രസ്തുത പദ്ധതി പ്രകാരം അട്ടപ്പാടി പ്രദേശത്തുള്ള തൂക്കക്കുറവുള്ള കുട്ടികളിൽ, Severe Acute Malnutrition (SAM) ഉള്ള കുട്ടികളെ അംഗൻവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ ചേർന്ന് കണ്ടെത്തുകയും ഇവരെ അടുത്തുള്ള ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകളിൽ എത്തിക്കുകയും വിദഗ്ധരുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ആവശ്യമെങ്കിൽ കുട്ടിക്ക് പരമാവധി 16 ആഴ്ചവരെ Energy Dense Special Food (EDSF) നൽകുകയും ചെയ്യുന്നു. ഈ കാലയളവിൽ കുട്ടിയുടെ ആരോഗ്യം കൃത്യമായി മോണിറ്റർ ചെയ്ത് മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുത്ത് റിപ്പോർട്ട് ചെയ്യുന്നു. കുട്ടിയുടെ തൂക്കം ആവശ്യത്തിന് വർദ്ധിച്ചുവെങ്കിൽ EDSF നൽകുന്നത് നിർത്തുന്നു. ഇത്തരത്തിൽ ന്യൂനപോഷണമുള്ള കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്തി അവരെ സാധാരണ വളർച്ചയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിയുന്നു. ഇത്തരത്തിലുള്ള കുട്ടികളുടെ ശരീരത്തിന്റെ ഭാരം, അവരുടെ ഉയരത്തിനനുസരിച്ചുള്ള

ഭാരം തുടങ്ങിയവ പരിശോധിച്ച് പ്രത്യേക രീതിയിലുള്ള പരിചരണം നൽകിവരുന്നു. അതുകൊണ്ട് ഈ പദ്ധതി ഇപ്പോൾ ഫലപ്രദമായി വന്നിട്ടുണ്ട്. ഇതിന്റെ കൂടെ എസ്.സി./എസ്.ടി വകുപ്പ് പോഷകാഹാരം എത്തിക്കുന്നതിനുള്ള നല്ല പ്രവർത്തനവും നടത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ ഈ പ്രശ്നങ്ങൾ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്.

(ഡി) Severe Acute Malnutrition-SAM കുട്ടികളുടെ പുരോഗതി കൃത്യമായും വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. അംഗൻവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുക്കുകയും NRC നിർദ്ദേശിക്കുന്ന കുട്ടികൾക്ക് EDSF നൽകുകയും ചെയ്യുന്നു. SAM കുട്ടികളെ സംബന്ധിച്ച ജാതക് ജനനി റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ വിലയിരുത്തുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

<u>ശ്രീ. യു. ആർ. പ്രദീപിനുവേണ്ടി ശ്രീ. കെ. ബാബു</u>: സർ, അട്ടപ്പാടി ആദിവാസി ഊരുകളിൽ ഏറ്റവും കൂടുതൽ നവജാതശിശുമരണം റിപ്പോർട്ട് ചെയ്തത് 2012-13 കാലയളവിലാണ്. അത് രാജ്യമാകെ ചർച്ചചെയ്യപ്പെട്ടതുമാണ്. അതിന് പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പാലക്കാട് എം.പി. ശ്രീ. എം. ബി. രാജേഷ്

ഉൾപ്പെടെയുള്ളവർ സത്യാഗ്രഹം ഇരുന്നപ്പോൾ അന്നത്തെ യു.ഡി.എഫ്. സർക്കാർ പല പാക്കേജുകളും പ്രഖ്യാപിച്ചിരുന്നെങ്കിലും അതെല്ലാം കടലാസ്സിൽ മാത്രമാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. എന്റെ ചോദ്യം, സമ്പൂർണ്ണ ആരോഗ്യ ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാന്തവൽക്കരിക്കപ്പെട്ട ആദിവാസി ഊരുകളിലെ ജനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഗവൺമെന്റിന്റെ ആരോഗ്യ മേഖല രോഗീ സൗഹൃദമാക്കുന്നതിനും ഇതുപോലുള്ള ശിശുമരണ നിരക്കടക്കം കുറയ്ക്കുന്നതിനുമുള്ള പദ്ധതിയാണ് ആർദ്രം പദ്ധതി. അതിന്റെ എല്ലാ പരിചരണവും ശ്രദ്ധയും അട്ടപ്പാടി മേഖലയ്ക്കും ലഭ്യമാകും. അട്ടപ്പാടിയിൽ ഇപ്പോൾതന്നെ ജാതക് ജനനി പദ്ധതിപ്രകാരം മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമായ പരിരക്ഷ നൽകുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്. അട്ടപ്പാടി പാക്കേജിന്റെ ഭാഗമായിത്തന്നെ സാധാരണ സബ്സെന്ററുകളിൽ ഒരു JPHN (Junior Public Health Nurse) ആണെങ്കിൽ അട്ടപ്പാടിയിൽ രണ്ടുപേരുണ്ട്. അതനുസരിച്ച് അവിടെ കുട്ടികളുടെ നേരത്തെയുള്ള വിവരങ്ങൾ ശേഖരിക്കുകയാണ്. ഇപ്പോൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് പദ്ധതിയിലൂടെ

ഇത്തരത്തിലുള്ള ആളുകളുടെ പൂർണ്ണമായിട്ടുള്ള വിവരശേഖരണം നടത്തുന്നു. ഇ-ഹെൽത്തും ജാതക് ജനനി പദ്ധതിയും യോജിപ്പിച്ചുകൊണ്ടുതന്നെ പൂർണ്ണമായ വിവരശേഖരണം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 2013-ൽ 31 ശിശുമരണം ഉണ്ടായിരുന്നെങ്കിൽ 2016-ൽ അത് എട്ടായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അത് ഈ മേഖലയിൽ നല്ല മാറ്റമുണ്ടാകുന്നു എന്നതിന്റെ സൂചനയാണ്.

ശ്രീ. കെ. ബാബു : സർ, ആദിവാസി ഊരുകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷയ്ക്കായി ആരോഗ്യ വകുപ്പും എസ്.സി./എസ്.ടി വകുപ്പും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളേയും ഞാൻ അഭിനന്ദിക്കുകയാണ്. നവജാതശിശുമരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവ്വേയിൽ കണ്ടെത്തിയ പ്രശ്നങ്ങളിലൊന്ന് ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾതന്നെയാണ്. ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശാസ്ത്രീയ പരിചരണം ഉറപ്പാക്കാനും അതുപോലെ കുട്ടികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ നേരത്തെ പറഞ്ഞ ജാതക്

ജനനി പദ്ധതി ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഗർഭാവസ്ഥയിൽത്തന്നെ പരിശോധിക്കുക, അമ്മയ്ക്ക് പോഷകാഹാരക്കുറവോ മറ്റേതെങ്കിലും തരത്തിലുള്ള അസുഖമോ ഉണ്ടെങ്കിൽ അത് മാറ്റുന്നതിനാവശ്യമായിട്ടുള്ള മരുന്നും പോഷകാഹാരവും ലഭ്യമാക്കുകയെന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതുകൂടാതെ ഇപ്പോൾ ആദിവാസി ഊരുകളിൽ പ്രത്യേകിച്ച് 'ഹാംലറ്റ് ആശ' എന്ന പേരിൽ അവരുടെ ഇടയിൽനിന്നുതന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരെ പരിശീലിപ്പിച്ച് ഇത്തരം കാര്യങ്ങൾ നേരത്തെതന്നെ കണ്ടെത്തുന്നതിനും ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യുന്നതിനും 'ഊരുമിത്രം ആശ' എന്നൊരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. അത് വയനാട്ടിലും പാലക്കാട്ടുമൊക്കെയാണ് ഇപ്പോൾ ആരംഭിക്കുന്നത്. അട്ടപ്പാടിയിൽ അട്ടപ്പാടി പാക്കേജുള്ളതുകൊണ്ട് ആദ്യ ഘട്ടത്തിൽ അവിടെ 'ഹാംലറ്റ് ആശ' തുടങ്ങിയിട്ടില്ല. എന്നാൽ ആവശ്യമാണെന്നുവരികിൽ അട്ടപ്പാടി മേഖലയിലും ഈ പരിപാടി വ്യാപിപ്പിക്കുകയും ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെയും കുഞ്ഞിന്റെയും ആരോഗ്യ സ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടൽ നടത്തുകയും ചെയ്യും.

ശ്രീ. എസ്. ശർമ്മ: സർ, ആരോഗ്യ രംഗത്ത് ശിശുമരണ നിരക്കിൽ ആയിരത്തിന് ആറ് എന്ന തോതിൽ ഇന്ത്യയിൽ ഏറ്റവും കുറവ് ശിശുമരണമുള്ള

സംസ്ഥാനം കേരളമാണ്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻതന്നെ അത് അംഗീകിരച്ചിട്ടുണ്ട്. എന്നാൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഇത് അംഗീകരിക്കുമ്പോൾത്തന്നെ ചൂണ്ടിക്കാണിച്ച പ്രധാപ്പെട്ട വിമർശനം, ആദിവാസി മേഖലയിലും തീരപ്രദേശത്തുമാണ് ഏറ്റവും കൂടുതൽ രോഗാതുരർ ഉള്ളതെന്നാണ്. നവജാതശിശുവിന്റെ മരണത്തിന്റെ കാര്യവും അതിന് സ്വീകരിച്ചിട്ടുള്ള നടപടിയെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് രാജ്യത്തുള്ള ആരോഗ്യ ശാസ്ത്രശാഖയുടെ നേട്ടങ്ങളും ഭൗതീക ജീവിത സാഹചര്യങ്ങളും അനുഭവേദ്യമാകാൻ ഈ പാവങ്ങൾക്ക് പല കാരണങ്ങളാലും കഴിയുന്നില്ല. അതുകൊണ്ട് ആദിവാസി മേഖലയെ സംബന്ധിച്ചിടത്തോളം, ഇപ്പോൾ ഉദ്യോഗസ്ഥരെയൊക്കെ വിളിച്ചിട്ട് ഒരു പാക്കേജൊക്കെ ചെയ്യുന്നുണ്ട്. പക്ഷെ ഒരു ആദിവാസി കമ്മീഷനെ വച്ച് ആദിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വിശദവും സമഗ്രവുമായ ഒരു പാക്കേജ് തയ്യാറാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആദിവാസി മേഖലയിലും തീരപ്രദേശത്തും ശ്രദ്ധിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പും കണ്ടിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള 'ഹംലറ്റ് ആശ' സംവിധാനം ആദിവാസി മേഖലയിൽ

മാത്രമല്ല, തീരപ്രദേശത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ആതുപോലൊരു പ്രത്യേക പദ്ധതി ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതാണ്. അത് ഞങ്ങളുടെ ശ്രദ്ധയിലുള്ള വിഷയാണ്. ആദിവാസി മേഖലയെക്കുറിച്ച് ധാരാളം പഠനം നടന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള ധാരാളം റിപ്പോർട്ടുകളുമുണ്ട്. സമഗ്രമായിട്ടുള്ളൊരു റിപ്പോർട്ട് വേണമെങ്കിൽ അതിനെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശ്രദ്ധേയമാണ്. ഐക്യരാഷ്ട്ര സഭയുടെ SDG (Sustainable Development Goal)-യുടെ ഭാഗമായി ആരോഗ്യവകുപ്പ് പ്രത്യേക ഗോൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2020-2030-ഓടെ നമ്മൾ എത്തിച്ചേരേണ്ട ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. മെറ്റേണൽ മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുക, ചൈൽഡ് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുക എന്നതാണ് ലക്ഷ്യം. നമ്മൾ 12-ൽനിന്ന് എട്ടായി കുറയ്ക്കുന്നതിനാണ് ആദ്യം ആലോചിച്ചത്. എന്നാൽ ഒരു പരിശോധനയിൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്നത് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 6 ആയി കുറഞ്ഞിട്ടുണ്ട് എന്നാണ്. ചില പ്രദേശങ്ങളിൽ പരിശോധിക്കുമ്പോൾ അത് ശരിയാണ്. എന്നാൽ ഇവിടെ പറഞ്ഞതുപോലെ ആദിവാസി മേഖലയിലും തീരദേശ മേഖലയിലുമെല്ലാം ഈയൊരു റേറ്റിലേയ്ക്കെത്താൻ ഇനിയും നമ്മൾ പരിശ്രമിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള SDG-യുടെ

ഭാഗമായി ശരിയായ രീതിയിൽ തന്നെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും മെറ്റേണൽ മോർട്ടാലിറ്റി റേറ്റും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കമ്മീഷന്റെ കാര്യം ചർച്ച ചെയ്ത് ആവശ്യമാണെങ്കിൽ എസ്.സി/എസ്.ടി വകുപ്പുകൂടി ആലോചിക്കേണ്ട കാര്യമാണ്. മൊത്തത്തിലാണെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ നവജാതശിശുക്കളുടെ മരണനിരക്കിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സംയുക്തമായ പ്രവർത്തനത്തിന്റെ ഫലമായി വന്നിട്ടുള്ളതാണ് ഈ കുറവ്. ഇത് പൊതുസമൂഹം വളരെ ആശാവഹമായ പുരോഗതിയായി കാണുന്നുണ്ട്. ആലപ്പുഴ ജില്ലയോളം വലിപ്പമുള്ള അട്ടപ്പാടിയിൽ ആകെ മൂന്ന് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളാണുള്ളത്. ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം സിക്കിൾസെൽ അനീമിയ, ജന്മനാലുള്ള ആന്തരാവയവങ്ങളുടെ തകരാറ് എന്നിവ ആദിവാസികളുടെയിടയിൽ ഒരു ജനറ്റിക്കൽ രോഗമായി വ്യാപിക്കുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ശാസ്ത്രീയമായി പരിശോധിച്ച് പ്രതിവിധി

കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളാണുള്ളത്. യഥാർത്ഥത്തിൽ SAM വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ മാത്രമാണ് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ താമസിപ്പിച്ച് അവർക്ക് ആവശ്യമുള്ള ആഹാരമൊക്കെ കൊടുത്ത് പരിചരിക്കേണ്ടത്. ഇപ്പോൾ നിലവിലുള്ള ഈ മൂന്നു സെന്ററുകൾ അതിന് പര്യാപ്തമാണ്. അത്രയും കുട്ടികളാണ് അവിടെ വരുന്നത്. അവർക്ക് അവിടെത്തന്നെ കെയർ കൊടുക്കാൻ സാധിക്കുന്നുണ്ട്. അവിടെയൊരു വലിയ തിരക്ക് അനുഭവപ്പെടുന്നില്ല. ആവശ്യമാണെങ്കിൽ മാത്രമേ പുതിയ എൻ.ആർ.സി.-കൾ തുടങ്ങേണ്ടതായി വരുന്നുള്ളൂ. സിക്കിൾസെൽ അനീമിയ പോലുള്ള കാര്യങ്ങളുണ്ട്, വിളർച്ചയുണ്ട്. ഇതെല്ലാം ആരോഗ്യവകുപ്പിന്റെ പരിശോധനയിലുണ്ട്. അതൊക്കെ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ പ്രവർത്തകർ ഒരു പഠനം നടത്തുകയും ഗവൺമെന്റിന് റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തു. അതുപോലെ യൂണിസെഫ് വിദഗ്ദ്ധരുടെ ഒരു റിപ്പോർട്ടും നിലവിലുണ്ട്. ഇതെല്ലാം പരിശോധിച്ച് അട്ടപ്പാടിയിലെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അട്ടപ്പാടിയിൽ ഇപ്പോൾ ഒരു പ്രത്യേക പാക്കേജുണ്ട്. ഡോ. ഇക്ബാൽ കമ്മിറ്റി റിപ്പോർട്ടും യൂണിസെഫ് റിപ്പോർട്ടും അടിസ്ഥാനമാക്കിയാണ് അട്ടപ്പാടിക്കുവേണ്ടിയുള്ള കാര്യങ്ങളോരോന്നും ആരോഗ്യ, സാമൂഹ്യനീതി വകുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. പഠന റിപ്പോർട്ടുകൾ ധാരാളമുണ്ട്. ഡോ. ഇക്ബാൽ കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ ശാസ്ത്രീയമായ റിപ്പോർട്ടാണ്. അതിനെ പിന്തുടർന്നാണ് നടപടികൾ സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കേരള മോഡൽ വികസനത്തിന്റെ അടിസ്ഥാന ഘടകം വർദ്ധിച്ച ആയുർദൈർഘ്യവും കുറഞ്ഞ ശിശുമരണ നിരക്കുമാണ്. ശൈശവ മരണങ്ങൾ കുറഞ്ഞുവെന്ന് അവകാശപ്പെടുമ്പോഴും അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് കുറയുന്നില്ല. ഇവിടെ ചില മെമ്പർമാർ യു.ഡി.എഫ്. കാലത്തേതും എൽ.ഡി.എഫ്. കാലത്തേതുമെന്ന് പറഞ്ഞു. അതുപോലെയല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപടി

സ്വീകരിച്ചു, ഇപ്പോഴും സ്വീകരിക്കുന്നുണ്ട്. പക്ഷെ, പരമ്പരാഗത ജീവിതശൈലിക്കനുസൃതമായ മാർഗ്ഗങ്ങൾ സ്വീകരിച്ചില്ലെങ്കിൽ....., ആദിവാസി അമ്മമാർ നമ്മുടെ കൺസപ്റ്റിൽ വരുന്നില്ല. അവർക്കാവശ്യമായ ഭക്ഷണ ക്രമീകരണങ്ങൾ, ഗർഭിണികളുടെ ആരോഗ്യ പരിചരണത്തിന് അവരുടേതായ ജീവിത രീതിക്കനുസരിച്ച് പോയെങ്കിലേ പറ്റുകയുള്ളൂ. ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് പൂർണ്ണമായും ദേശീയ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ആദിവാസി മേഖലയിൽ മറ്റ് മേഖലകളിൽ സ്വീകരിക്കുന്ന അതേ രീതിയിലുള്ള നടപടികൾ പാലിക്കാൻ കഴിയില്ല. ബഹു. അംഗം പറഞ്ഞതുപോലെ അവരുടേതായ ചില ശീലങ്ങളും രീതികളുമെല്ലാമുണ്ട്. അവരിലേയ്ക്ക് ചെന്നുകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. അതുകൂടി മനസ്സിലാക്കിയിട്ടാണ് 'ഊരുമിത്രം ആശ' എന്ന പദ്ധതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. ബഹു. മെമ്പർ പറഞ്ഞത് ശരിയാണ്, ആരോഗ്യ മേഖലയിൽ നമുക്ക് വലിയ നേട്ടമുണ്ടാകുമ്പോഴും ആദിവാസി-തീരദേശ

മേഖലയിലെ പോരായ്മ വലിയ പ്രശ്നമായി നിലനിൽക്കുകയാണ്. ഇതിനായി കൂട്ടായ പരിശ്രമം നടത്തണം. കേരളാ മോഡലിന് ഒരപമാനമായി ഇത് ചിലപ്പോൾ വന്നേയ്ക്കാം. അതുകൊണ്ടാണ് ഈ പരിശ്രമമെല്ലാം നടത്തുന്നത്. അതിന് എല്ലാവരുടെയും പിന്തുണ ആവശ്യമാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇന്ത്യൻ ഭരണഘടന അനുസരിച്ച് എല്ലാ പൗരന്മാരും അർഹമായ ചികിത്സാ സൗകര്യങ്ങൾക്ക് അർഹരാണ്. കൂടുതൽ പരിഗണന കിട്ടാനാണ് ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്, ആദിവാസികൾ എന്നെല്ലാമായി തിരിച്ചിട്ടുള്ളത്. ഇവിടെ നവജാത ശിശുക്കളുടെ മരണം ഏറ്റക്കുറച്ചിലുകളോടെ നടക്കുന്നു. അതിന് പരിഹാരം കാണുന്നില്ല. തിരുവനന്തപുരത്തെ എസ്.എ.ടി. പോലെയൊരു ആശുപത്രി അട്ടപ്പാടിയിൽ സ്ഥാപിക്കുന്നതിന് എന്താണ് തടസ്സം; ഇവിടെ ലഭിക്കുന്ന പോലെയുള്ള ചികിത്സയ്ക്ക് അവരും അർഹരല്ലേ? എസ്.എ.ടി. പോലെയൊരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അട്ടപ്പാടിയിൽ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അട്ടപ്പാടിയിലെ ചികിത്സാ സൗകര്യം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്ത് ബഹു. ശ്രീമതി ടീച്ചർ മന്ത്രിയായിരിക്കുമ്പോഴാണ് അവിടത്തെ കോട്ടത്തറ ആശുപത്രി വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചത്. അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റും ആ ആശുപത്രി നവീകരിക്കുന്നതിന് ഇടപെട്ടിട്ടുണ്ട്. തുടക്കത്തിൽ കോട്ടത്തറ ആശുപത്രിയെ നല്ലൊരു ആശുപത്രിയായി മാറ്റാൻ സാധിച്ചു. ഇപ്പോൾ അവിടെ നല്ല ചികിത്സാ സൗകര്യം ലഭ്യമായിട്ടുണ്ട്. ആശുപത്രിയുടെ രണ്ടാം നിലയുടെ പണി പൂർത്തിയായിട്ടുണ്ട്. അതുകൂടിയാകുമ്പോൾ നല്ലൊരു ആശുപത്രിയാകും. എസ്.എ.ടി. എന്നുപറയാൻ സാധിക്കില്ലെങ്കിലും നല്ല സ്പെഷ്യാലിറ്റി സൗകര്യങ്ങളെല്ലാമുള്ള ആശുപത്രി അവിടെയുണ്ട്. ബഹു. അംഗം പറഞ്ഞതുപോലെ കോട്ടത്തറ ആശുപത്രിയെ ഇനിയും നല്ല സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കാൻ ശ്രമിക്കാം.

ഡോ. എം. കെ. മുനീർ: സർ, അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി കണ്ടെത്തിയ ഒരു ആപ്ലിക്കേഷനാണ് ജനനി ജാതക്. Moderate Acute Malnutrition (MAM), Severe Acute Malnutrition (SAM) ആയിട്ടുള്ള കുട്ടികളെയും കണ്ടെത്തുന്നതിന് വേണ്ടിയിട്ടുള്ളതാണിത്. അവിടത്തെ അംഗൻവാടിയെയും ഹെൽത്ത് ഡിപ്പാർട്ട്മെന്റിനെയും

ക്രോഡീകരിച്ചുകൊണ്ട് കൃത്യമായി മോണിറ്റർ ചെയ്യുകയാണെങ്കിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. ഓരോ ദിവസവും എത്ര പേർ പോയി പരിശോധിച്ചു, ആരെല്ലാം സിവിയറിൽ നിന്നും മോഡറേറ്റിലേയ്ക്ക് മാറി എന്നെല്ലാം കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ട്. ഇതിനായി മിനിസ്റ്ററുടെ ഓഫീസ് ലെവലിൽ നിന്നുകൊണ്ട് മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. ഇവിടെ പറഞ്ഞതുപോലെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് two digit-ൽ നിന്നും one digit-ലേയ്ക്ക് എത്തിയത് ഒരു സുപ്രഭാതംകൊണ്ടല്ല, വലിയൊരു കഠിന പ്രയത്നത്തിന്റെ ഭാഗമായാണ്. ഗവൺമെന്റുകൾ ഇവിടെ എന്തുചെയ്തു എന്നുള്ളതല്ല ചർച്ച ചെയ്യേണ്ടത്. അന്ന് യൂണിസെഫുമായി ചേർന്ന് കണ്ടെത്തിയ ഏറ്റവും നല്ല സോഫ്റ്റ്വെയറാണിത്. ഒരു ഗവൺമെന്റിന്റെ പിന്തുടർച്ചയെന്ന നിലയിൽ, അത് കൃത്യമായി മിനിസ്റ്റർ ഓഫീസ് ലെവലിൽ നിന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ജാതക് എന്നുപറഞ്ഞാൽ നവജാത ശിശുവാണ്, ജനനി അമ്മയാണ്. ഇതുരണ്ടും നന്നായി മോണിറ്റർ ചെയ്യാൻ കഴിയുന്ന സിസ്റ്റമാണത്. ഇതിന്റെ പ്രവർത്തനം വളരെ

മന്ദഗതിയിലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞാനുംകൂടി ഇടപെട്ടിട്ടാണ്....

ഡോ. എം. കെ. മുനീർ: സർ, ......(മൈക്ക് ഓഫ്)...... ഈ സോഫ്റ്റ്‌വെയർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ടുപിടിച്ചതാണ്. അന്നത് കൃത്യമായി മോണിറ്റർ ചെയ്ത മന്ത്രിയായിരുന്നു ഞാൻ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാനതിൽ അവകാശമൊന്നും ഉന്നയിക്കുന്നില്ല. ജാതക് ജനനി ഈ ഗവൺമെന്റ് കൊണ്ടുവന്നതാണെന്ന് പറഞ്ഞ് തർക്കിക്കാനല്ല ഞാൻ പറയുന്നത്. താങ്കളുടെ ചോദ്യത്തിന്റെ മറുപടിയാണ് ഞാൻ പറഞ്ഞത്. മന്ത്രിതലത്തിൽ മോണിറ്റർ ചെയ്യണമെന്ന് പറഞ്ഞല്ലോ. അതിന്റെ മോണിറ്ററിംഗ് ശക്തമാക്കിയിട്ടുണ്ട്. എല്ലാ ആഴ്ചയും റിപ്പോർട്ട് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ജാതക് ജനനി സംവിധാനം നിങ്ങളുടെ കാലത്ത് ആരംഭിച്ചതാണെങ്കിലും അത് യു.ഡി.എഫ്.-ന്റെ പദ്ധതിയായി അവസാനിപ്പിക്കാനല്ല തീരുമാനിച്ചത്. ബഹു. അംഗം പറഞ്ഞതുപോലെ അതിന്റെ മോണിറ്ററിംഗ് ശക്തമാക്കി ഏറ്റവും നല്ല രീതിയിൽ നടക്കുന്നുവെന്ന് സൂചിപ്പിക്കാനാണ് ഇപ്പോൾ നന്നായി മോണിറ്റർ ചെയ്യുന്നുവെന്ന് ഞാൻ പറഞ്ഞത്. അല്ലാതെ നിങ്ങളെ കുറ്റപ്പെടുത്താനല്ല.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, എന്റെ നിയോജക മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽ 16 ആദിവാസി ഊരുകൂട്ടങ്ങളുണ്ട്. അവിടെ ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് മലക്കപ്പാറയിൽ ആരംഭിച്ച ഒ.പി. ക്ലിനിക്കും ആരോഗ്യ വകുപ്പ് ആരംഭിച്ച മൊബൈൽ ക്ലിനിക്കും കുറച്ച് ആശ്വാസമായി. മൂന്ന് വർഷങ്ങൾക്കുമുമ്പ് ജഡ്ജിമാരുടെ ഒരു സംഘം ഈ മേഖല സന്ദർശിച്ച് ഇവിടെ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതാണ്. മലക്കപ്പാറ പോലെയുള്ള പ്രദേശങ്ങളിൽ ആദിവാസികൾക്ക് മാരകമായ അസുഖങ്ങൾ ബാധിച്ചാൽ 90 കി.മീ. സഞ്ചരിച്ച് ചാലക്കുടി താലൂക്ക് ആശുപത്രിയിൽ എത്തിച്ചേരണം. അതുകൊണ്ട് ഈ ആദിവാസി മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കിടത്തിച്ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായും ആദിവാസി

മേഖലയിലെ സബ്സെന്ററുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആദിവാസി ക്ഷേമ വകുപ്പും ഇപ്പോൾ അക്കാര്യത്തിൽ നന്നായി സഹകരിക്കുന്നുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് വരുംദിവസങ്ങളിൽ ഈ ആശുപത്രികളാകെ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കുള്ളിൽ അട്ടപ്പാടിയിൽ മൂന്ന് ശിശുമരണങ്ങളുണ്ടായി. 6/5-നും 10/5-നും 21/5-നും ഓരോ കുട്ടികൾ വീതം മരണപ്പെടുകയുണ്ടായി. നമ്മളിങ്ങനെ അങ്ങോട്ടുമിങ്ങോട്ടും രാഷ്ട്രീയം പറയേണ്ട കാര്യമല്ല ഇത്. അട്ടപ്പാടിയിലെ ശിശുമരണങ്ങൾ നമുക്ക് കൺട്രോൾ ചെയ്തുകൊണ്ടുവരാൻ സാധിച്ചിരുന്നു. ഇപ്പോൾ മേയ് മാസത്തിൽ മൂന്നെണ്ണം തുടരെത്തുടരെയുണ്ടായി. ഈ സാഹചര്യങ്ങൾ സംബന്ധിച്ച് മന്ത്രി എന്തെങ്കിലും റിപ്പോർട്ട് തേടിയിട്ടുണ്ടോ? ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന് ചില വീഴ്ചകളുണ്ടായതായാണ് ഞാൻ മനസ്സിലാക്കുന്നത്. ആ വീഴ്ചകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ, വരാൻ പോകുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളാണ്. അട്ടപ്പാടിയിലെ ശിശുമരണങ്ങളെടുത്ത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മരണങ്ങളുണ്ടാകുന്നത്

ഈ മാസങ്ങളിലാണ്. മഴയും കാലാവസ്ഥയുമെല്ലാം അതിനുള്ള ഘടകങ്ങളാണ്. ആശുപത്രിയിൽ എത്താനുള്ള പ്രയാസങ്ങളും എന്തെങ്കിലും ഡെയ്ഞ്ചർ സിറ്റുവേഷനുണ്ടാകുമ്പോൾ ആരോഗ്യ പ്രവർത്തകർക്ക് ഊരുകളിൽ എത്തിപ്പെടാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. ഇത് പരിഹരിക്കാൻ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രത്യേകമായ ശ്രമങ്ങൾ നടത്തുമോ എന്നാണ് അറിയാനുള്ളത്. പിന്നെ, കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടാക്കിയ എൻ.ആർ.സി.-കൾ പൂട്ടിപ്പോയി. മൂന്നെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് പറയുന്നത് ശരിയല്ല. തൂക്കക്കുറവുള്ള നൂറിൽത്താഴെ കുട്ടികൾ ഇപ്പോഴുമുണ്ട്. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ നടപടികൾക്കും സത്യാഗ്രഹമാണ് കാരണമെന്ന് പറഞ്ഞത് കുറച്ച് ക്രൂരമായിപ്പോയി. അക്കാര്യത്തിൽ അത്ര വലിയ രാഷ്ട്രീയം വേണ്ടിയിരുന്നില്ല. വളരെ ശക്തമായ നടപടികൾ അന്ന് സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി മൂന്ന് തവണ അട്ടപ്പാടി മേഖല സന്ദർശിക്കുകയും ഈ നടപടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുട്ടികളുടെ മരണസംഖ്യ

പറഞ്ഞ് രാഷ്ട്രീയം കളിക്കാനൊന്നും ആരോഗ്യ വകുപ്പോ ഈ ഗവൺമെന്റോ ഇല്ല. അവിടെയുണ്ടായ മൂന്ന് മരണങ്ങളുടെയും കൃത്യമായ കണക്കെടുത്തിട്ടുണ്ട്. അതിൽ ഒരു കുട്ടി ജനിക്കുമ്പോൾതന്നെ മരിച്ചുപോയതാണ്. മറ്റൊന്ന്, ആശുപത്രിയിൽ പ്രസവിച്ച് വീട്ടിൽ പോയതിനുശേഷം മരണപ്പെട്ടതാണ്. ജനിക്കുമ്പോൾതന്നെ ഭാരക്കുറവുണ്ടായിരുന്നു. അതിന്റെ ഭാഗമായാണ് മരണപ്പെട്ടത്. ഇത് ആരോഗ്യ വകുപ്പ് വ്യക്തമായി പരിശോധിച്ചിട്ടുണ്ട്. ജനിക്കുന്നതിന് മുമ്പുതന്നെ പരിശോധന നടത്തിയിട്ടുണ്ട്. എല്ലാ വ്യക്തമായ വിവരവും ജെ.പി.എച്ച്.എൻ.-മാരുടെ ഇലക്ട്രോണിക് റെക്കോഡിലുണ്ട്. ശിശുമരണ നിരക്ക് പൂജ്യമാക്കണമെന്ന് നമുക്ക് ആഗ്രഹമുണ്ട്. എന്നിട്ടും ഇങ്ങനെ സംഭവിക്കുന്നു എന്നുള്ളതുകൊണ്ട് തന്നെയാണ് അട്ടപ്പാടിക്ക് പ്രത്യേക പരിഗണന കൊടുക്കാൻ ആഗ്രഹിക്കുന്നത്. എൻ.ആർ.സി.-കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കും. ഒരു എൻ.ആർ.സി. നന്നായി പ്രവർത്തിക്കുന്നു, പക്ഷെ അവിടെ വലിയ തിരക്കില്ല. നമ്മൾ ഒരുമിച്ച് അവിടം സന്ദർശിച്ചതാണ്. അവിടെ ഇനിയും കുട്ടികളെ ഉൾക്കൊള്ളാനും സാധിക്കും. SAM കുട്ടികളെ ഇപ്പോൾ അവിടെ അഡ്മിറ്റ് ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. SAM വിഭാഗത്തിൽപ്പെട്ടവരെയാണ്

അവിടെ അഡ്മിറ്റ് ചെയ്യേണ്ടത്. അതില്ല എന്നുള്ളതുകൊണ്ട് തന്നെയാണ് അവിടെ അഡ്മിറ്റ് ചെയ്യാത്തത്. അതിന്റെ ഭാഗമായി മറ്റ് പ്രശ്നങ്ങളൊന്നുമില്ല. ഏതായാലും കൂടുതൽ ശിശുമരണങ്ങൾ ഉണ്ടാകരുതെന്ന് തന്നെയാണ് എന്റെയും നിങ്ങളുടെയും ഗവൺമെന്റിന്റെയും ആഗ്രഹം. ഇനിയൊരു മരണമുണ്ടാകാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. ബഹു. അംഗം പറഞ്ഞതുപോലെ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ വളരെ ശ്രദ്ധേയമായ മാസങ്ങളാണ്. ഈ സമയത്ത് അവിടെ പ്രത്യേക പരിചരണം കൊടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): സർ, അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി ബഹുമാനപ്പെട്ട എം.എൽ.എ. ചെയർമാനും ഒറ്റപ്പാലം സബ്കളക്ടർ കൺവീനറുമായി വളരെ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു ജനകീയ സമിതി അവിടെയുണ്ട്. എല്ലാമാസവും ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കമ്മിറ്റി ചേരുന്നുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തെങ്കിലും പ്രശ്നം അവിടെയുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ദൈനംദിനം ബന്ധപ്പെടുന്നതാണ്. എന്തെങ്കിലും പ്രശ്നം അവിടെ ഉണ്ടെങ്കിൽ

ജനകീയസമിതി അതിന്റെ മേൽനോട്ടം വഹിക്കേണ്ടതായിട്ടുണ്ട്. കോട്ടത്തറ ആശുപത്രി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്പെഷ്യലൈസ്ഡ് ആശുപത്രി ആയതാണ്. പിന്നീട് അതിന്റെ പ്രവർത്തനം പിന്നോട്ടുപോയി. ഇപ്പോൾ വീണ്ടും ശക്തിപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും പങ്കെടുത്തുകൊണ്ട് ഒരു പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം ഉടനെ നടത്തുന്നുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ നല്ലൊരു ആശുപത്രിയാണത്. ജൂൺ-ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലാണ് മരണനിരക്ക് കൂടുതലായി കാണുന്നത്, ഇത് ഗണ്യമായി കുറച്ചുകൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റേറ്റ് ആവറേജ് 12% ആണ്. അത് 6-7 ശതമാനംവരെ ആക്കി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർത്ത് എന്തെങ്കിലും കുറവുണ്ടെങ്കിൽ ആ കാര്യം പരിശോധിക്കാം. എന്നാൽ പരിപൂർണ്ണമായ ഉത്തരവാദിത്വം ജനകീയ കമ്മിറ്റിക്കാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>മി. സ്പീക്കർ:</u> 603-ാം നമ്പർ ചോദ്യവുമായി 623-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ക്ലബ്ബിംഗിനുവേണ്ടിയുള്ള അഭ്യർത്ഥന കുറച്ചുനേരത്തെ നൽകണം. മാത്രവുമല്ല ചോദ്യങ്ങൾ വ്യത്യസ്തവുമാണ്. അതുകൊണ്ട് ക്ലബ്ബിംഗ് അംഗീകരിക്കുന്നില്ല.

## അടിസ്ഥാന സൗകര്യവികസന പദ്ധതികൾ

(* 603) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ബി. സത്യൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള റോഡ്, തുറമുഖ, റെയിൽ, വ്യോമ ഗതാഗത വികസന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) 2006-2011 കാലത്ത് പൂർത്തീകരണത്തോട് അടുത്തിരുന്നതും എന്നാൽ മുൻസർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയതുമായ ദേശീയ ജലപാത നിർമ്മാണം പുനരാരംഭിച്ച് പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും വിപുലീകരിച്ച് ചരക്ക്, യാത്രാ ഗതാഗതം ഗണ്യമായ തോതിൽ ആരംഭിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (<u>ശ്രീ.പിണറായി വിജയൻ</u>): സർ,

(എ) & (ബി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള തുറമുഖ-റെയിൽ-വ്യോമ ഗതാഗത വികസന പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയുടേയും ചെറു വിവരണം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(ഡി) ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും വിപുലീകരിച്ച് ചരക്ക്, യാത്രാ ഗതാഗതം ഗണ്യമായ തോതിൽ തുടങ്ങുന്നതിനായി ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്ന സുപ്രധാന പദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള സി. ആന്റ് എ.ജി. റിപ്പോർട്ട് ഞെട്ടിപ്പിക്കുന്നതാണ്. വിഴിഞ്ഞം കരാർ ഒപ്പുവയ്ക്കുന്ന സമയത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പ്രകടിപ്പിച്ച ആശങ്ക പൂർണ്ണമായും ശരി വയ്ക്കുന്നതാണ് സി. ആന്റ്

എ.ജി റിപ്പോർട്ട്. സി. ആന്റ് എ.ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീ. പിണറായി വിജയൻ: സർ, വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് സി. ആന്റ് എ.ജി. സമർപ്പിച്ച റിപ്പോർട്ട് അതീവ ഗൗരവമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. അത് ഗൗരവമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്തരമൊരു പരിശോധനാ സംവിധാനം ഏർപ്പെടുത്തുമെന്നാണ് ഇപ്പോൾ അതിനെക്കുറിച്ച് പറയുവാനുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം വർഷങ്ങളായി നിലച്ചുപോയ ഹൈവേ വികസനമാണ്. അക്കാര്യത്തിൽ വളരെ ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നാഷണൽ ഹൈവേയുടെ ടെണ്ടർ നടപടി ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകും എന്നാണറിഞ്ഞത്, ആ ടെണ്ടർ നടപടികൾ എന്തായി; നഷ്ടപരിഹാരവുമായി ബന്ധപ്പെട്ടതാണ് മറ്റൊരുവിഷയം. നഷ്ടപരിഹാരം ഫൈനലൈസ് ചെയ്തിട്ടുണ്ടോ; അവിടെ ഭൂമി നഷ്ടപ്പെട്ടവർക്കും കടകളുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിയവരുടെ കടകൾ നഷ്ടപ്പെട്ട് ജീവനസന്ധാരണ മാർഗ്ഗങ്ങൾ ഇല്ലാതായവർക്കും മതിയായ നഷ്ടപരിഹാരം പ്രതിമാസം നൽകത്തക്കവിധത്തിൽ

നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭൂമി ഏറ്റെടുക്കുമ്പോൾ പ്രയാസങ്ങളുണ്ടാകുന്നവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളതു തന്നെയാണ് സർക്കാരിന്റെ നയം. അതിന്റെ ഭാഗമാണ് ഇപ്പോഴത്തെ നഷ്ടപരിഹാര പാക്കേജ്. അതിൽ കാലാനുസൃതമായ മാറ്റങ്ങൾ എന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ അതുകൂടി വരുത്തി ശക്തമായി ആ കാര്യം നടപ്പാക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, അടിസ്ഥാന സൗകര്യവികസനത്തിനായി പ്രഖ്യാപിക്കുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതികൾ ഇതിലുണ്ട്, അതിനെ സ്വാഗതം ചെയ്യുന്നു. കാസർഗോഡ് - തിരുവനന്തപുരം പാത 45 മീറ്റർ വീതിയാക്കി പാതയിരട്ടിപ്പിക്കൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു എന്നാണറിയുന്നത്. കാസർഗോഡ് ജില്ലയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് വരുന്ന പാതയാണത്. ദേശീയപാത വികസനം എന്നത് വർഷങ്ങളായുള്ള ജനങ്ങളുടെ ആഗ്രഹമാണ്. ഇതുസംബന്ധിച്ച് എന്ത് നടപടിയായി എന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ത്വരിതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചിലയിടങ്ങളിൽ സ്ഥലമെടുപ്പ് ബാക്കിയുണ്ട്. വേഗം തന്നെ സ്ഥലം ഏറ്റെടുക്കാനുള്ള

നടപടികൾ നീക്കുന്നുണ്ട്. അക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയുടെ നീളം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള വികസന നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; എന്തൊക്കെ വികസന പദ്ധതികളാണ് നിലവിൽ നടത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയാണ് തീരുമാനിക്കുന്നത്. അവർക്ക് അതുസംബന്ധിച്ച കൃത്യമായ ധാരണകളുണ്ട്. അതിനാവശ്യമായ ഭൂമി അവിടെയില്ല എന്നതാണ് പ്രശ്നം. ഭൂമി ഏറ്റെടുത്തു കൊടുത്താൽ മാത്രമേ വികസന പദ്ധതി അവർക്ക് പ്രാവർത്തികമാക്കാൻ കഴിയൂ. ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് അവർ വളരെ നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നുണ്ട്. ഭൂമി ഏറ്റെടുത്തുകൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടെ നേരത്തെയുണ്ടായിരുന്ന തടസ്സങ്ങൾ ഒഴിവാക്കി ഭൂമി ഏറ്റെടുക്കാനുള്ള ശ്രമങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ : സർ, കോഴിക്കോട് വിമാനത്താവളത്തോടൊപ്പം

തന്നെ തിരുവനന്തപുരം വിമാനത്താവളവും വളരെയധികം ഭീഷണി നേരിടുന്നുണ്ട്. സ്ഥലം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ നിലച്ചുപോകുന്ന അവസ്ഥയുണ്ട്. പുതിയ വിമാനത്താവളങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ, നിലവിലുള്ള ഈ രണ്ട് വിമാനത്താവളങ്ങളുടേയും നവീകരണത്തിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അക്വിസിഷൻ നടപടികൾ വേഗത്തിലാക്കി എത്രയും പെട്ടെന്ന് വികസനം പൂർത്തിയാക്കാൻ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നിലവിലുള്ള വിമാനത്താവളം നേരത്തെയുള്ള ആവശ്യങ്ങൾക്കനുസരിച്ച് ഉണ്ടാക്കിയതാണ്. ആ വിമാനത്താവളത്തിന്റെ സ്ഥിതിയല്ല ഇപ്പോഴുള്ളത്. ഇപ്പോൾ വിമാനങ്ങളുടേയും യാത്രക്കാരുടേയും എണ്ണം കൂടുതലാണ്, അതിനനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ അതിനാവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രശ്നം വരുമ്പോൾ അക്കാര്യത്തിൽ വലിയതോതിലുള്ള എതിർപ്പ് ഭൂമി കൊടുക്കുന്നവരിൽ നിന്ന് സ്വാഭാവികമായും ഉണ്ടാകും. ഇക്കാര്യങ്ങളൊക്കെ നല്ല രീതിയിൽപ്പറഞ്ഞ് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ അങ്ങയുടെ അടുത്തിരിക്കുന്ന

സുഹൃത്തിനോടുംമറ്റും പറഞ്ഞ് നടത്തണം. വികാരത്തോടൊപ്പം നിൽക്കാൻ എല്ലാവർക്കും താൽപ്പര്യം കാണും. അങ്ങനെ നിന്നാൽ വിമാനത്താവളത്തിന്റെ വികസനത്തിന് തടസ്സം വരും. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി, നമുക്ക് ഈ ഭൂമി ഏറ്റെടുക്കാതിരുന്നാൽ പറ്റില്ല എന്ന നിലപാടിലേയ്ക്കാണ് എത്തേണ്ടത്. അതിന് ഭരണപക്ഷമോ പ്രതിപക്ഷമോ എന്ന് വേർതിരിവില്ലാതെ ഉത്തരവാദിത്വപ്പെട്ട എല്ലാവരും അതുമായി സഹകരിക്കണം. സർക്കാർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മുഖ്യമന്ത്രി ഒരു യോഗം വിളിച്ചെങ്കിലും തുടർനടപടികളായിട്ടില്ല. അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കി മുന്നോട്ടുപോകണമെന്നാണ് ഞാൻ എടുത്ത സമീപനം. പ്രദേശവാസികൾക്ക് ശക്തമായ എതിർപ്പാണ്. മുഖ്യമന്ത്രി ചർച്ച നടത്തിയെന്നുള്ളത് ശരി തന്നെയാണ്, പക്ഷേ തുടർനടപടികളുണ്ടായില്ല എന്നുള്ളതാണ് അറിയിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ആവശ്യമായ നടപടി എടുത്തു കഴിഞ്ഞതാണ്. അതിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ കളക്ടറാണ് ചെയ്യേണ്ടത്. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ കളക്ടർ

ആരംഭിച്ചപ്പോൾ തന്നെ അവിടെ ശക്തമായ എതിർപ്പ് വന്നു. ആ ഒരു ഘട്ടത്തിൽ ഏറ്റെടുക്കൽ നടപടികൾ തുടരാൻ പറ്റാത്ത ഒരു അവസ്ഥ കളക്ടർക്ക് വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അതങ്ങനെ ഉപേക്ഷിക്കാൻ പറ്റുന്ന ഒരു കാര്യമല്ല. സർക്കാരിന് അതിന്റേതായ നടപടികളിലേയ്ക്ക് കടക്കേണ്ടതായി വരും. അങ്ങനെയൊരു സംഘർഷാവസ്ഥയിലൂടെ ഭൂമി എടുക്കാതെ സഹകരണത്തിലൂടെ ഭൂമി എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ആളുകളെ പറഞ്ഞ് ബോധ്യപ്പെടുത്താനുള്ള ശ്രമം രണ്ടുഭാഗത്തുനിന്നും വേണമെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഉത്തരവാദപ്പെട്ട ജനപ്രതിനിധികളടക്കം ആ പ്രക്ഷോഭത്തിൽ അണിനിരന്നുവെന്ന് കാണുന്നുണ്ട്. അങ്ങല്ല. യഥാർത്ഥത്തിൽ അതൊന്നും ശരിയായ സമീപനമല്ല. ആ സമീപനത്തിൽ തിരുത്തൽ വേണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ദേശീയ ജലപാതയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പൊന്നാനി-കൊച്ചി കനാൽ, അത് വികസനത്തിന്റെ മാത്രമല്ല ശുചീകരണത്തിന്റെ പ്രശ്നങ്ങൾ കൂടി നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുത്ത് നാളെ ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. 'ഹരിതകേരളം' മിഷനിൽ ഉൾപ്പെടുത്തി, ഇത്തരത്തിൽ മലിനീകരണ വിമുക്തമാക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നുണ്ട് എന്നത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. കനോലി

കനാലിന്റെ വിപുലീകരണത്തിനൊപ്പം അതിന്റെ ശുചീകരണത്തിനും കൂടി സംസ്ഥാന ഗവൺമെന്റ് ഊന്നൽ നൽകുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ദേശീയജലപാത തിരുവനന്തപുരത്ത് നിന്നും തുടങ്ങി നീലേശ്വരം വരെ പോകുന്നതുകൊണ്ട് അതിനിടയ്ക്കുള്ള ഓരോ ഭാഗം ഓരോരുത്തരും വലിയ താല്പര്യപൂർവ്വം ഏറ്റെടുക്കാനുള്ള ശ്രമമുണ്ടെന്നുള്ളത് വസ്തുതയാണ്. അത് അങ്ങനെ ചെയ്താൽ പൂർത്തിയാകില്ല. പൂർത്തിയാകണമെങ്കിൽ ക്രമമായി; തുടർച്ചയായി കാര്യങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. അതിനാണ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ഒരു പ്രത്യേകസംവിധാനം ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലൂടെ ഈ ദേശീയ ജലപാത യാഥാർത്ഥ്യമാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. പെട്ടെന്ന് തന്നെ അത് യാഥാർത്ഥ്യമാക്കാൻ..., യാഥാർത്ഥ്യമാക്കാൻ അതിനുള്ള കാലമെടുക്കും. എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ പെട്ടെന്ന് തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ദേശീയ ജലപാത നമ്മുടെ ഒരു സ്വപ്ന പദ്ധതിയാണ്. അത് തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച് കാസർഗോഡ് അവസാനിപ്പിക്കാനാണ് ആലോചന എന്നറിയുന്നു. അത് നേരെ മറിച്ചായിക്കൂടെ എന്നാണ് എന്റെ ചോദ്യം. കാരണം ബാക്കി എല്ലാ കാര്യങ്ങളിലും നമുക്ക്

കാസർഗോഡിനോടാണ് താല്പര്യവും ഇഷ്ടവും. നമ്മുടെ നാടിന്റെ ശ്രദ്ധ ആകർഷിച്ച പല യാത്രകളും - ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ 'നവകേരള യാത്ര', ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയ 'വികസന യാത്ര', ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നടത്തിയ 'കേരള യാത്ര', ഡോ. എം. കെ. മുനീർ നടത്തിയ 'യുവജനയാത്ര', നാളെ തിരുവനന്തപുരത്ത് എത്തുന്ന യൂത്ത് കോൺഗ്രസിന്റെ 'യൂത്ത് മാർച്ച്' ഇതൊക്കെ ആരംഭിക്കുന്നത് കാസർഗോഡിൽ നിന്നാണ്. അങ്ങനെ ജാഥകളും പ്രക്ഷോഭങ്ങളും ആരംഭിക്കാൻ മാത്രം കാസർഗോഡ്, വികസനം വരുമ്പോൾ കാസർഗോഡ് വേണ്ട. ആ ഒരു നിലപാട് മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ ഒരു സമതുലനാവസ്ഥ വേണമെന്നാണ് സർക്കാർ കാണുന്നത്. നമ്മുടെ നാഷണൽ ഹൈവേ വികസനം ആരംഭിക്കുന്നത് കാസർഗോഡ് നിന്നാണ്. ദേശീയ ജലപാത ഇവിടെ നിന്ന് അങ്ങോട്ടാകാമെന്നാണ് കാണുന്നത്. ഇക്കാര്യത്തിൽ ഒരു സമതുലനാവസ്ഥ ഇരിക്കട്ടെ എന്നാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, പൊതുവികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വലിയ താമസം

നേരിടുന്നുണ്ട്. പുതിയ കേന്ദ്ര നിയമപ്രകാരം കുറേ പ്രശ്നങ്ങളുണ്ടെങ്കിലും നെഗോഷിയേഷൻ പർച്ചേസിൽ ഭൂമി എടുക്കുന്നത് വേഗത്തിലാക്കാനുള്ള നടപടികളുണ്ടാകാനുള്ള ഉത്തരവുകളുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നാം പ്രതീക്ഷിക്കുന്നത്ര വേഗതയുണ്ടാകുന്നില്ല എന്നൊരു പൊതുപരാതി എല്ലാക്കാലത്തും ഉയർന്നുവരാറുള്ളതാണ്. അതിൽ കുറച്ച് വസ്തുതയുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനാവശ്യമായ ഒട്ടേറെ സാങ്കേതിക കാര്യങ്ങളുണ്ട്. അത് വേഗം തീർക്കാൻ കഴിയുന്നതാണ്. ഒരു ഭൂമി ഏറ്റെടുക്കുമ്പോൾ അതിൽ എത്ര വീടുകൾ വരും; എത്ര സ്ഥലമാണ്; എത്ര ആളുകളെ ഒഴിപ്പിക്കേണ്ടി വരും. ഇത്തരം കാര്യങ്ങളൊക്കെ വേഗത്തിൽ പഠിക്കാൻ കഴിയുന്നതാണ്. പക്ഷേ ആർക്കും മനസ്സിലാകാത്ത ചില സ്റ്റഡിയെന്നൊക്കെ പറഞ്ഞ് വല്ലാതെ മുന്നോട്ടുപോകുന്ന ഒരു അവസ്ഥ പലപ്പോഴുമുണ്ടാകാറുണ്ട്. അങ്ങനെയാണ് ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം വരുന്നത്. അത് പൂർത്തിയാക്കിക്കൊടുത്താൽ മാത്രമേ കാര്യങ്ങൾ നടപ്പാക്കാൻ കഴിയൂ. ഏതായാലും ഇത്തരം കാര്യങ്ങളിൽ ശരിയായ മോണിറ്ററിംഗ് ഇപ്പോൾ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി സമയബന്ധിതമായി തന്നെ ഭൂമി ഏറ്റെടുക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഉത്തര മലബാറിന്റെ വികസനത്തിന് ഏറ്റവും അത്യാവശ്യമാണ് തലശ്ശേരി-മൈസൂർ റെയിൽവേ. ഈ അടുത്ത കാലത്ത് അത് സംബന്ധിച്ച്, പ്രതികൂലമായ ചില റിപ്പോർട്ടുകൾ വന്നത് ജനങ്ങളിൽ ആശങ്കയുണ്ടായിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായും കർണ്ണാടക സർക്കാരുമായും ആലോചിച്ച് വേണമെങ്കിൽ ടണൽ സൗകര്യം കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട്; വിമാനത്താവളത്തിന്റെ സാദ്ധ്യതകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് തലശ്ശേരി-മൈസൂർ റെയിൽവേ യാഥാർത്ഥ്യമാക്കാനും അതുപോലെ തലശ്ശേരി-മൈസൂർ, കണ്ണൂർ-മൈസൂർ റോഡുകൾ നാഷണൽ ഹൈവേയാക്കാനും അടിയന്തര നടപടികൾ കേരളത്തിന്റെ വികസന ലക്ഷ്യം വച്ചുകൊണ്ട് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തലശ്ശേരി-മൈസൂർ റെയിൽവേ ഞാൻ കുഞ്ഞായിരിക്കുന്ന കാലം മുതൽക്കേ കേൾക്കുന്ന ഒരു കാര്യമാണ്. എല്ലാക്കാലത്തും അതിന് തടസ്സം മാത്രമേ കേട്ടിട്ടുള്ളൂ. ഇപ്പോൾ തടസ്സമല്ല, അനുകൂലമായ നിലയാണുള്ളത്, അതുകൊണ്ട് അത്തരമൊരു ആശങ്കയുണ്ടാകേണ്ടതായിട്ടില്ല. കർണ്ണാടകത്തിൽ നിന്നും അനുകൂലമായ പ്രതികരണം തന്നെയാണ് വന്നിട്ടുള്ളത്. അത് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

റോഡിന്റെ കാര്യം എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, തിരുവനന്തപുരം-കണ്ണൂർ ഹൈസ്പീഡ് റെയിൽവേ കോറിഡോർ പ്രാവർത്തികമാക്കുമോ; അതിന്റെ സാദ്ധ്യതാപഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത് എന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഹൈസ്പീഡ് റെയിൽവേ കോറിഡോറിന് ഒരു പ്രൊപ്പോസലുണ്ടെന്നുള്ളത് വസ്തുതയാണ്. അതുമായി ബന്ധപ്പെട്ട് സർക്കാർ നടപടികളൊന്നും ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിട്ടില്ല. അത് പഠനത്തിലാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, അടിസ്ഥാന സൗകര്യവികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി ഇന്ന് നമ്മുടെ രാജ്യത്തിന് അഭിമാനം പകരുന്ന തരത്തിൽ മാറിയിരിക്കുകയാണ്. അതിന്റെ ആദ്യത്തെ ഘട്ടം, ആലുവ മുതൽ പേട്ട വരെയും പിന്നീട് അത് തൃപ്പൂണിത്തറ വരെയും രണ്ടാം ഘട്ടം കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുമാണ്. കാക്കനാട് വരെയുള്ള രണ്ടാമത്തെ ഘട്ടം ഏറ്റവും കൂടുതൽ ഫിനാൻഷ്യൽ വയബിലിറ്റി സ്റ്റഡീസ് പറഞ്ഞിട്ടുള്ളതാണ്. ഇൻഫോ പാർക്കിൽ നിന്നും ഏറ്റവുമധികം ജീവനക്കാർ വരാൻ സാദ്ധ്യതയുള്ള ഒരു ഫെയ്സാണ്. ഈ

ഫെയ്സിന്റെ ഡി.പി.ആർ. തയ്യാറാക്കി നൽകി 10 മാസം കഴിഞ്ഞിട്ടും കേന്ദ്രത്തിൽ നിന്ന് അതിന്റെ ഫൈനൽ ക്ലിയറൻസ് ഇതുവരെ കിട്ടിയിട്ടില്ല. അതുമായി ബന്ധപ്പെട്ട് നമുക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ? രണ്ടാം ഘട്ടത്തിന്റെ അംഗീകാരം കിട്ടാൻ താമസമുണ്ടാകുന്നത് ഈ പ്രോജക്ട് ഡിലേ ആകാൻ കാരണമായിട്ടുണ്ടോ; അത് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ രണ്ടാം ഘട്ടം നടപ്പാക്കണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, ദേശീയ ജലപാതയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു വിഷയം, അതിന്റെ കൈയേറ്റങ്ങളാണ്. ഈ കൈയേറ്റം ഒഴിപ്പിച്ചാൽ; അവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും പാക്കേജുണ്ടോ ഇല്ലയോ എന്നുള്ളത് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, സർക്കാർ ഭൂമി കൈയേറിയാൽ അതിന് പുനരധിവാസം എന്നൊരു വിഭാഗം ബാധകമാകുമെന്ന് തോന്നുന്നില്ല. യഥാർത്ഥത്തിൽ വീടില്ലാത്തവർക്ക് വീട് കൊടുക്കുന്ന പദ്ധതിയായ 'ലൈഫ്' ന്റെ ഭാഗമായി അവർക്കും കൂടി വീട് കൊടുക്കേണ്ടതായി വരും. സർക്കാരിന്റെ ഭൂമി

ആരെങ്കിലും കൈയേറിയാൽ അതിന് നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോ? ആ ഭൂമി ഏറ്റെടുക്കുമ്പോൾ അതിന് നഷ്ടപരിഹാരം കൊടുക്കാൻ സർക്കാരിന് കഴിയില്ല. അങ്ങനെ ഒരു സമ്പ്രദായം സാധാരണയില്ല. തെറ്റായ കീഴ്‌വഴക്കങ്ങളൊന്നും നമുക്കുണ്ടാക്കാൻ കഴിയില്ല. വീടില്ലാത്തവരാണെങ്കിൽ സ്വാഭാവികമായും അവർക്ക് വീട് അനുവദിക്കേണ്ടതായി വരും. 'ലൈഫ് പദ്ധതിയിൽ വീട് അനുവദിച്ചുകൊടുക്കുകയും ചെയ്യും.

<u>സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി. കോഴ്സിന്റെ ഫീസ്</u>

(*604) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ.അനിൽ അക്കര</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി.കോഴ്സിന് എത്ര രൂപ ഫീസ് ഈടാക്കാനാണ് മാനേജ്മെന്റുകൾക്ക് സർക്കാർ അനുമതി നൽകിയത്; ക്ലിനിക്കലും നോൺ-ക്ലിനിക്കലും കോഴ്സുകളുടെ ഫീസ് നിരക്ക് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) 2016-ൽ സർക്കാർ സീറ്റിലും മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ. സീറ്റിലും എത്ര രൂപയായിരുന്നു മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ഈടാക്കിയിരുന്നത്;

(സി) 2015 അദ്ധ്യയനവർഷം ഇത് യഥാക്രമം എത്ര രൂപയായിരുന്നു;

(ഡി) ഫീസിൽ വൻ വർദ്ധനവാണ് വരുത്തിയതെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; ഉയർന്ന ഫീസ് നടപ്പിലാക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്; ഇത് സാധാരണക്കാരായ വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) മറ്റ് സ്വാശ്രയ മാനേജ്മെന്റുകളുമായി പി.ജി. സീറ്റുകളുടെ ഫീസിന്റെ കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; അവർക്കും ഈ നിലവാരത്തിലുള്ള ഫീസ് ഈടാക്കാൻ അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ 2017-18 വർഷങ്ങളിൽ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെപ്പറയുന്ന നിരക്കിലുള്ള ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്.

| | | |
|---|---|---|
| പി.ജി. ഡിഗ്രി ക്ലിനിക്കൽ | - | 14,00,000/- |
| പി.ജി. ഡിഗ്രി നോൺ ക്ലിനിക്കൽ | - | 8.5 ലക്ഷം |
| പി.ജി. ഡിപ്ലോമ ക്ലിനിക്കൽ | - | 10.50 ലക്ഷം |

പി.ജി. ഡിപ്ലോമ നോൺ-ക്ലിനിക്കൽ - 6.40 ലക്ഷം

എൻ.ആർ.ഐ. - 35 ലക്ഷം

(ബി & സി) 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെപ്പറയുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.

<u>ജനറൽ മെരിറ്റ്</u>

പി.ജി. (ഡിഗ്രി) ക്ലിനിക്കൽ - 6,50,000/-

പി.ജി. (ഡിഗ്രി) നോൺ ക്ലിനിക്കൽ - 2,60,000/-

പി.ജി. ഡിപ്ലോമ ക്ലിനിക്കൽ - 4,90,000/-

50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് യഥാക്രമം 17,50,000/-, 10,00,000/-, 5,00,000/- എന്നിങ്ങനെ പി.ജി., എം.ഡി., എം.എസ്. കോഴ്സനുസരിച്ച് ഫീസ് നിശ്ചയിച്ചിരുന്നു.

(ഡി) മുൻ വർഷങ്ങളിലെ ഫീസിന് ആനുപാതികമായിട്ടാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സുപ്രീംകോടതി ഉത്തരവിന്റെയും കേന്ദ്രസർക്കാരിന്റെയും നിർദ്ദേശങ്ങൾ പ്രകാരം NEET പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന

മെറിറ്റ് ലിസ്റ്റിൽ നിന്നും കോമൺ കൗൺസിലിംഗ് മുഖേനയാണ് പി.ജി.പ്രവേശനം നടത്തേണ്ടത്. സർക്കാർ ക്വാട്ട, മാനേജ്മെന്റ് ക്വാട്ട എന്ന വേർതിരിവ് ഇല്ലാതെ പ്രവേശനം നടത്തേണ്ടതിനാലും ക്രോസ് സബ്സിഡി പാടില്ലാത്തതിനാലുമാണ് ഏകീകൃത ഫീസ് നിശ്ചയിക്കുവാൻ സർക്കാർ നിർബന്ധിതമായത്.

(ഇ) ചർച്ച നടത്തിയിട്ടുണ്ട്. മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും സമാനമായ ഫീസ് നിരക്കാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, മുൻ വർഷങ്ങളിൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം വരുംമുമ്പേ സ്വാശ്രയ നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ മാനേജ്മെന്റുകളുമായി ധാരണയിലെത്താൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ വർഷം പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ദിവസങ്ങൾ കഴിഞ്ഞെങ്കിലും ഈ മേഖലയിലെ സ്വാശ്രയ മാനേജ്മെന്റുമായി പ്രാഥമിക ചർച്ചകൾ പോലും സർക്കാർ നടത്തിയിട്ടില്ല. അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഈ മേഖലയിലെ അന്യസംസ്ഥാനത്തെ കോളേജുകളെ സഹായിക്കാൻ വേണ്ടിയാണോ പ്രാഥമിക ചർച്ചപോലും മാനേജ്മെന്റുകളുമായി നടത്താത്തതെന്ന ആരോപണം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വസ്തുതാപരമാണോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ചർച്ച നടത്തിയിട്ടില്ലായെന്ന് പറയുന്നത് ശരിയല്ല. ഈ മാനേജ്മെന്റുകളുമായി ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ട്. അവർ ഫീസ് വർദ്ധനവ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അംഗീകരിക്കില്ലായെന്ന് സർക്കാർ പറഞ്ഞു. ഏറ്റവും ഒടുവിൽ ഫീസ് വർദ്ധനവില്ലാതെ അതിന്റെ ഫയൽ നീക്കണമെന്ന് അവർ ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഈ വർഷം നീറ്റ് പരീക്ഷയുടെ പേര് പറഞ്ഞ് സ്വാശ്രയ പി.ജി. സീറ്റുകളിലെ ഫീസ് സാധാരണക്കാരന് താങ്ങാവുന്നതിനപ്പുറം വർദ്ധിപ്പിച്ച് കൊടുത്തിരിക്കുകയാണ്. 6.5 ലക്ഷം രൂപ എന്നുള്ളത് ഒറ്റയടിക്ക് 14 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഫീസ് വർദ്ധനവിലൂടെ സാമൂഹ്യനീതി എപ്രകാരം ഉറപ്പാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ഇങ്ങനെ പോയാൽ ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന 2021 ആകുമ്പോൾ സ്വാശ്രയ പി.ജി.ക്ക് മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന ഒരു വിദ്യാർത്ഥി കൊടുക്കേണ്ടി വരുന്ന ഫീസ് 40 ലക്ഷം രൂപയായി ഉയരുകയാണ്. അത് സമൂഹത്തിൽ വലിയ പ്രതിസന്ധിയും പ്രത്യാഘാതവും ഉണ്ടാക്കും. ഈ സാഹചര്യത്തെ എങ്ങനെ നേരിടാനാണ് മന്ത്രി ഉദ്ദേശിക്കുന്നത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, സ്വാശ്രയ മാനേജ്മെന്റ് നിലനിൽക്കുമ്പോൾ പുതിയ രീതിയിലുള്ള നീറ്റ് മെറിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ എടുക്കുന്നിടത്തോളം സർക്കാരിന്റെ പരിധിയിൽ വരാത്ത പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഞാൻ ഇക്കാര്യങ്ങളെല്ലാം നിരവധി തവണ സഭാതലത്തിൽ വ്യക്തമാക്കിയതാണ്. നീറ്റ് മാനദണ്ഡമാക്കിയപ്പോൾ മാനേജ്മെന്റ് - മെറിറ്റ് എന്ന വേർതിരിവ് സാദ്ധ്യമല്ല. നമ്മുടെ മനസ്സിൽ നേരത്തേയുള്ള 50:50 എന്ന അനുപാതം നിലനിൽക്കുന്നതുകൊണ്ടാണ് നമുക്കത് ഉൾക്കൊള്ളാൻ സാധിക്കാത്തത്. ഇത് നിരവധി തവണ വ്യക്തമാക്കിയതാണ്. ക്രിസ്ത്യൻ മാനേജ്മെന്റുമായി നടത്തിയ ചർച്ചയുടെ ഭാഗമായി 14 ലക്ഷം രൂപ ഫീസ് നിശ്ചയിച്ചത് എങ്ങനെയാണെന്ന് സഭാതലത്തിൽ പറഞ്ഞതാണ്. ഇത് ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്തിട്ടുള്ള ഫീസാണ്. ഇങ്ങനെ നിശ്ചയിക്കുകയല്ലാതെ സർക്കാരിന്റെ മുമ്പിൽ മറ്റൊരു പോംവഴിയും ഉണ്ടായിരുന്നില്ല.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനകത്ത് ഫീസ് വർദ്ധനവ് ഉണ്ടാകാതെ നോക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്.

ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ടുകൊണ്ട് ഫീസിൽ വർദ്ധനവ് ഉണ്ടാവുകയില്ലായെന്ന് സഭയിൽ ഉറപ്പ് നൽകാൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, എം.ബി.ബി.എസ്. സീറ്റിലെ ഫീസുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകളുമായി ഒരുപ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. അവർ വമ്പിച്ച രീതിയിലുള്ള ഫീസ് വർദ്ധനവാണ് ആവശ്യപ്പെടുന്നത്. അങ്ങനെ വർദ്ധിപ്പിക്കില്ല, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് നിങ്ങൾ അംഗീകരിക്കേണ്ടതായി വരുമെന്ന സൂചന അവർക്ക് നൽകിയിട്ടുണ്ട്. ചർച്ച നടത്തുന്നതുകൊണ്ട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ, വമ്പിച്ച രീതിയിൽ ഫീസ് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഫീസ് വർദ്ധനവാണ് ഈ രംഗത്ത് വന്നിട്ടുള്ളത്. വജ്രകേരളത്തിന്റെ ആഘോഷം നടക്കുന്ന സമയത്ത് വജ്ര വർദ്ധനവാണ് ഈ ഫീസിന്റെ കാര്യത്തിൽ വന്ന് പെട്ടിട്ടുള്ളത്. ഇതിന് ആനുപാതികമായി ഫീസ് വർദ്ധനവ് എം.ബി.ബി.എസ്. സീറ്റിന്റെ കാര്യത്തിലും വന്നാൽ അതിന്റെ ആഘാതം ഈ കുട്ടികൾക്കുകൂടി ഉണ്ടാകും. ഇതിന്റെ പരിണിതഫലമായി മെഡിക്കൽ വിദ്യാഭ്യാസം സമ്പന്നന്മാരുടെ കുത്തകയായി മാറും. ഇവിടെ പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ വേണ്ടി

സ്കോളർഷിപ്പ് നേരത്തേയുണ്ടായിരുന്നു. അത് പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള കാര്യമായ ശ്രമം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് നിയമസഭയിലെ സർവ്വീസ് വജ്രജൂബിലി ആഘോഷിക്കാറായിട്ടില്ലെന്ന് അറിയാം. എന്നാലും നല്ല പരിണിതപ്രജ്ഞനായ, ഒരുപാട് അനുഭവമുള്ള ആളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഈ കാര്യങ്ങളെല്ലാം മനസ്സിലായിട്ടും പിന്നെയും പഴയതുപോലെ ചോദിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സ്കോളർഷിപ്പിന്റെ കാര്യമെല്ലാം ചോദിക്കുന്നതിൽ വിരോധമില്ല. അതൊന്നും ചോദിക്കാതിരുന്നിട്ടുമില്ല. മാനേജ്മെന്റ് സ്കോളർഷിപ്പ് കൊടുക്കണ്ടേ; സ്കോളർഷിപ്പ് കൊടുക്കണമെന്ന് പറയാൻ നമുക്ക് വല്ല നിയമവുമുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടന്നിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നും ആലോചിക്കാതെ എടുത്തിട്ടുള്ള തീരുമാനമല്ല. ........മുഖ്യമന്ത്രി ഉറപ്പ് നൽകിയ കാര്യത്തിൽ പിന്നെ എന്താണ് വേണ്ടത്? സ്കോളർഷിപ്പ് കൊടുക്കുമോയെന്ന് വീണ്ടും ചോദിക്കാൻ ഞങ്ങൾ തയ്യാറാണ്.

ശ്രീ. അനിൽ അക്കര : സർ, ഫീസ് റെഗുലേറ്ററി അതോറിറ്റി ഫീസ്

നിശ്ചയിക്കുന്നതിന് മുമ്പ് സർക്കാർ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയിരുന്നോ? 14 ലക്ഷം രൂപയെന്ന ഏകീകൃത ഫീസ് നിശ്ചയിക്കുന്ന ഘട്ടത്തിൽ ഫീസ് റെഗുലേറ്ററി അതോറിറ്റി ഇടപെട്ടിരുന്നോ; അല്ലെങ്കിൽ ആ ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് അതിനുള്ള അവസരം ഫീസ് റെഗുലേറ്ററി അതോറിറ്റിക്ക് ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഫീ റെഗുലേറ്ററി കമ്മിറ്റി ക്വാസി ജുഡീഷ്യൽ ബോഡിയാണ്. ഫീസ് എത്ര വേണമെന്ന് നിശ്ചയിക്കാൻ അവരോട് പറയേണ്ട കാര്യമില്ല, അത് പറയാനും സാധിക്കില്ല. ഞാൻ കഴിഞ്ഞ തവണ മറുപടി പറയുമ്പോൾ പറഞ്ഞ കാര്യമാണ്, ഈ ചർച്ച നടത്തുമ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റി എങ്ങനെയാണ് കാൽക്കുലേറ്റ് ചെയ്യുന്നതെന്ന് ഞങ്ങൾ അന്വേഷിച്ചു. മാനേജ്മെന്റല്ല, മാനേജ്മെന്റ് ചർച്ചയ്ക്കിടയിൽ ഞങ്ങളോട് പറഞ്ഞത്, ഞങ്ങളുടെ എല്ലാ ചെലവും ഓഡിറ്റ് പേപ്പറുകളുമെല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് കൊടുത്തിട്ടുണ്ടെന്നാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി അത് കാൽക്കുലേറ്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഇത് എങ്ങനെയാണ് കാൽക്കുലേറ്റ് ചെയ്യുന്നതെന്ന് ഞങ്ങൾ വ്യക്തമായി ചോദിച്ചപ്പോൾ, സ്വഭാവികമായും കഴിഞ്ഞ തവണത്തെ ഫീസായ ആറര ലക്ഷം രൂപയുടെ കൂടെ സ്റ്റൈപ്പെന്റ് കൊടുക്കേണ്ട ഇനത്തിൽ രണ്ടര ലക്ഷം രൂപയുടെ

കൂടി വർദ്ധനവ് ഉണ്ടായപ്പോൾ ഒമ്പത് ലക്ഷം രൂപ ആകുമെന്നും കഴിഞ്ഞ തവണത്തെ പതിനേഴര ലക്ഷത്തിൽ നിന്ന് പുതിയ സ്റ്റൈപ്പെന്റ് കൊടുക്കേണ്ട ഇനത്തിൽ രണ്ടര ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടാകുമ്പോൾ 20 ലക്ഷം രൂപയാകുമെന്നാണ് അവർ സമർപ്പിച്ചത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഇതെല്ലാം താരതമ്യം ചെയ്ത് അതിന്റെ ആവറേജ് എന്നുള്ള നിലയിൽ കണക്കാക്കിയപ്പോൾ 14,80,000/- രൂപ വരുമെന്നും എന്നാൽ 14,00,000 എന്നുള്ള നിലയിൽ നിജപ്പെടുത്തുമെന്നുമുള്ള സൂചനയാണ് ഞങ്ങൾക്ക് കിട്ടിയത്. അതുകൊണ്ട് ഒരു അഭിപ്രായത്തിന്റെ ഭാഗമായി 14,00,000 രൂപ എന്നുള്ള നിലയിൽ ഞങ്ങളും കണ്ടത്, അതു തന്നെയാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസും. ഇതിലൊന്നും ഒളിച്ച് വയ്ക്കാനില്ല. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ കാൽക്കുലേഷൻ എന്തായിരിക്കുമെന്നുള്ള ധാരണ ഉണ്ടാക്കിയിട്ടാണ് ഞങ്ങൾ തീരുമാനിക്കുന്നത്. അത് എവിടെയാണ് ഒളിച്ചുവയ്ക്കേണ്ടത്? കാൽക്കുലേഷൻ ഞങ്ങൾക്ക് കിട്ടിയിരുന്നു. അത് തന്നെയാണ് കാൽക്കുലേഷനായി വന്നതും. ഞങ്ങളാരും അതൊന്നും ഒളിച്ചുവച്ചിട്ടില്ല.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഫീസ് കാൽക്കുലേറ്റ് ചെയ്യുമ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റി എല്ലാ വരുമാനങ്ങളും പരിശോധിക്കുമെന്നാണ് നമ്മൾ

മനസ്സിലാക്കുന്നത്. ശാസ്ത്രസാഹിത്യപരിഷത്ത് അടക്കമുള്ള സംഘടനങ്ങൾ ഇക്കാര്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ ചെലവ് മാനേജ്മെന്റുകൾ പറയുന്നത് ഏകപക്ഷീയമായി അംഗീകരിക്കാതെ അതിന്റെകൂടെ ആശുപത്രിയിലുള്ള വരവ് കൂടി പരിശോധിച്ചുകൊണ്ട് ചെയ്യണമെന്നാണ്. പ്രത്യേകിച്ച് പി.ജി. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ആശുപത്രിക്ക് ചെലവ് ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, ഒരു ഡോക്ടറെ നിയമിച്ചാൽ 1-2 ലക്ഷം രൂപ ശമ്പളം കൊടുക്കേണ്ട സ്ഥലത്ത് ആ പണി മുഴുവൻ പി.ജി. വിദ്യാർത്ഥികളെ കൊണ്ട് എടുപ്പിക്കുകയാണ്. പി.ജി. സീറ്റിന്, പഠനത്തിനു വേണ്ടി മാനേജ്മെന്റുകൾക്ക് അധിക ചെലവ് വരുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യംകൂടി പരിശോധിച്ചുകൊണ്ടായിരിക്കണം ഫീ റെഗുലേറ്ററി കമ്മിറ്റി യഥാർത്ഥ ഫീസ്, വളരെ റാഷണലായി, എല്ലാവർക്കും ബോദ്ധ്യപ്പെടുന്ന രീതിയിൽ നിർണ്ണയിക്കേണ്ടതെന്നുള്ള കാഴ്ചപ്പാട് ഗവൺമെന്റിനുണ്ടോ? വരുന്ന എം.ബി.ബി.എസ്. സീറ്റിന്റെ കാര്യത്തിലെങ്കിലും ആ നിലയിൽ തീരുമാനം എടുക്കാൻ, എല്ലാ വരവും ചെലവും കൃത്യമായി പരിശോധിച്ചുകൊണ്ട് യുക്തിസഹമായ ഫീസിലേയ്ക്ക് എത്തിച്ചേരണമെന്ന് നിഷ്കർഷിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട വി.ടി. ബൽറാം

പറഞ്ഞ കാര്യങ്ങളൊന്നും നിഷേധിക്കുന്നില്ല. ഫീ റെഗുലേറ്ററി കമ്മിറ്റിയോട് ഇങ്ങനെയാണ് ഫീസ് നിശ്ചയിക്കേണ്ടതെന്ന് പറയാൻ ഗവൺമെന്റിന് അധികാരമില്ല. ചോദ്യത്തിന് ഉത്തരം പറയുന്നത് കേട്ടിട്ട്.. (ബഹളം).....

മി. സ്പീക്കർ : ഇരിക്കു...ഇരിക്കു.. മന്ത്രി മറുപടി പറയട്ടേ... അങ്ങോട്ട് നോക്കി പറയണ്ട, ഇവിടെ നോക്കി പറഞ്ഞാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, എങ്ങനെയാണ് ഫീസ് നിശ്ചയിക്കേണ്ടതെന്നുള്ളത് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനമാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസിനെതിരെ...

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഗവൺമെന്റ് സെക്രട്ടറി ആ കമ്മിറ്റിയിലുണ്ടല്ലോ? ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി എന്തിനാണ് അവിടെ പോകുന്നത്? ഗവൺമെന്റിന്റെ അഭിപ്രായം പറയാനാണ് സെക്രട്ടറി പോകുന്നത്. ഗവൺമെന്റിന് ഒരു ഉത്തരവാദിത്വവുമില്ലെന്ന് മന്ത്രി പറയുന്നത് ശരിയാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിയമപരമായ വശം നിങ്ങൾക്കൊക്കെ അറിയാവുന്ന കാര്യമാണ്. ഗവൺമെന്റ് സെക്രട്ടറി ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമാണ്. ഗവൺമെന്റിന്റെയും സെക്രട്ടറിയുടെയും

അഭിപ്രായം അവിടെ പറയുന്നതിൽ തർക്കമൊന്നുമില്ല. അവർ എല്ലാം ചേർന്ന് ഫീസ് കാൽക്കുലേറ്റ് ചെയ്യുമ്പോൾ അവിടെ വന്നിട്ടുള്ള മാനദണ്ഡം എന്താണെന്നും ഫീ റെഗുലേറ്ററി കമ്മിറ്റി എങ്ങനെയൊക്കെയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ചോദിച്ചാൽ വ്യക്തമായി നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കും. അവർ പറഞ്ഞിട്ടുള്ള കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്. അതിന്റെ വിശദാംശം പിന്നീട് നമുക്ക് പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ള അംഗങ്ങൾ മനസ്സിലാക്കേണ്ടത്, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസിനെതിരെ മാനേജ്മെന്റ് കോടതിയിൽ പോയപ്പോൾ....കഴിഞ്ഞ തവണ എം.ഇ.എസ്. ന് ഫീസായി എത്ര രൂപ വാങ്ങിക്കാമെന്നാണ് വിധിച്ചത്? ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസൊന്നും കോടതി അംഗീകരിക്കില്ല. കോടതി മാനേജ്മെന്റിന് ചെലവാകുന്നത് കണക്കാക്കി നിശ്ചയിക്കുന്നത് ഭീമമായ ഫീസാണ്. മാനേജ്മെന്റുമായി ചർച്ച നടത്തി നമ്മൾ തർക്കിക്കുന്നത്, എങ്ങനെയെങ്കിലും കുറച്ച് തുക കുറഞ്ഞു കിട്ടുമോയെന്നാണ് നോക്കുന്നത്. കാരണം, ഇതിനെതിരെ നാളെ ആരെങ്കിലും കോടതിയിൽ പോയാൽ ഇതിനെക്കാൾ വലിയ ഫീസ് കോടതി വിധിച്ച് കൊടുക്കുന്ന അപകടം കൂടി ഒഴിവാക്കാനാണ്. ആ ചർച്ചയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ നടത്തിയത്. ശ്രീ. വി. ടി.

ബൽറാം വാദിച്ച് ജയിക്കാൻവേണ്ടി പറയണ്ട. കഴിഞ്ഞ തവണ എം.ബി.ബി.എസ്.ന് കരുണ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, കണ്ണൂർ തുടങ്ങിയ മെഡിക്കൽ കോളേജുകൾ ഞങ്ങളുമായി എഗ്രിമെന്റ് സൈൻ ചെയ്തില്ല. ഞങ്ങൾ നിശ്ചയിച്ച 50 ശതമാനം സീറ്റിൽ രണ്ടര ലക്ഷം രൂപ ഫീസിൽ പഠിപ്പിക്കാൻ തയ്യാറായില്ല. അവർ കോടതിയിൽ പോയപ്പോൾ മുഴവൻ സീറ്റിലും പത്ത് ലക്ഷം രൂപയാണ് ഫീസായി കോടതി അംഗീകരിച്ച് കൊടുത്തത്. എം.ഇ.എസ്.ന്റെ കാര്യത്തിൽ ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്ത ഫീസല്ല ഞങ്ങളുടെ ചെലവെന്ന് പറഞ്ഞ് കോടതിയിൽ പോയപ്പോൾ ആ ഫീസിന്റെ ഇരട്ടിയാണ് കോടതി വിധിച്ചത്. ഇവിടെ യാഥാർത്ഥ്യമൊന്നും മനസ്സിലാക്കാതെ നിങ്ങൾ പറഞ്ഞാൽ അപ്പാടെ ഫീസ് കുറയ്ക്കുമായിരുന്നില്ലേയെന്ന് ബാലിശമായി ഇനിയെങ്കിലും പറയാതിരിക്കാൻ പ്രതിപക്ഷം ശ്രദ്ധിക്കണം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)